# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3427** **14/03/2017-ൽ മറുപടിക്ക്**

## വരുമാനത്തിൽ കൂടുതൽ സ്വത്ത് സമ്പാദിക്കുന്ന സർക്കാർ ജീവനക്കാർ


**ചോദ്യം**

ശ്രീ.സി.ദിവാകരൻ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി


| | | | |
|---|---|---|---|
| (എ) | ഏതെങ്കിലും സാഹചര്യത്തിൽ മറ്റിതര ജോലികളിലേർപ്പെടുന്നതിനായി സർക്കാർ ജീവനക്കാർക്ക് അനുമതി നൽകാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | സർക്കാർ ജീവനക്കാരൻ തന്റെ ജോലിയുടെ ഭാഗമായിട്ടല്ലാതെ ഒരു കമ്പനിയുടെയോ ബാങ്കിന്റെയോ ഭരണ നിർവ്വഹണത്തിൽ ഏർപ്പെടുവാൻ പാടില്ലയെന്ന് വ്യവസ്ഥയുണ്ട്. 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ ചട്ടം 46 പ്രകാരം ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന മൂചൽ ബെനിഫിറ്റ് സൊസൈറ്റിയുടെ നടത്തിപ്പിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി തന്റെ ഔദ്യോഗിക കൃത്യങ്ങൾക്ക് വിഘാതമാകാതെയും വേതനം കൂടാതെയും സർക്കാർ ഉദ്യോഗസ്ഥന് പ്രവർത്തിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 47 പ്രകാരം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാർ ജീവനക്കാരന് പങ്കെടുക്കാവുന്നതാണ്. എന്നാൽ ഭരണ സമിതികളിൽ അംഗമാകുന്നതിന് പ്രസ്തുത സംഘത്തിലെ അംഗങ്ങൾ സർക്കാർ ജിവനക്കാർ മാത്രമോ, സർക്കാർ ജീവനക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും മാത്രമോ ആയിരിക്കണം. ചട്ടം 48 പ്രകാരം സർക്കാറിന്റെ മുൻകൂർ അനുമതിയോടെ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് |

| | | | |
|---|---|---|---|
| | | | വിഘാതമാകാത്ത വിധത്തിൽ പ്രതിഫലം കൂടാതെയുള്ള സാമൂഹ്യപ്രവർത്തനം, ധർമ്മ സ്വഭാവമുള്ള പ്രവൃത്തികൾ അല്ലെങ്കിൽ കല,സാഹിത്യം,ശാസ്ത്രം മേഖലയിൽ വല്ലപ്പോഴുമുള്ള പ്രവൃത്തികളിൽ എന്നിവയിൽ ഏർപ്പെട്ടുവാൻ വ്യവസ്ഥയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം ഇത്തരം കാര്യങ്ങളിൽ തുടരാൻ പാടില്ലാത്തതുമാണ്. |
| (ബി) | വരുമാനത്തിൽ കൂടുതൽ സ്വത്ത് സമ്പാദിക്കുന്ന സർക്കാർ ജീവനക്കാരെ കണ്ടെത്തുന്നതിന് നിലവിലെ നിയമങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (ബി) | എല്ലാ സർക്കാർ ജീവനക്കാരും വാർഷിക സ്വത്തു വിവരം എല്ലാ വർഷവും ജനുവരി 15 ന മുമ്പ് സർക്കാരിൽ സമർപ്പിക്കണമെന്ന് നിലവിൽ പെരുമാറ്റച്ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഒരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോൾ തന്നെ തങ്ങളുടെയും കുടുംബാംഗങ്ങളുടെയും സ്വത്തു വിവരം നിശ്ചിത മാതൃകയിൽ നിയമനാധികാരിയെ അറിയിക്കണമെന്നും പ്രസ്തുത മാതൃക സർവ്വീസ് ബുക്കിൽ പതിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും നിയമനാധികാരികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Ranjith RR

**സെക്ഷൻ ഓഫീസർ**